"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്ലാനിംഗ്- ജീവനക്കാര്യം- ശ്രീമതി. ഊർമ്മിള രാജ്.യു, ടൗൺ പ്ലാനർ നിയമനത്തിനായി കാത്തുനിന്ന കാലയളവ് ക്രമവത്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യൂബി) വകുപ്പ്**

സ.ഉ.(സാധാ) നം.1083/2025/LSGD തീയതി,തിരുവനന്തപുരം, 29-04-2025

---

പരാമർശം:-

1. സ.ഉ(സാധാ) നം. 1910/2021/തസ്വഭവ തീയതി. 05.10.2021
2. ഹൗസിംഗ് കമ്മീഷണറുടെ 26/10/2021 തീയതിയിലെ എ/585/2021/എച്ച്.സി. നമ്പർ ഉത്തരവ്
3. സ.ഉ(സാധാ)നം. 72/2021/ഭവനം തീയതി. 30/11/2021
4. മുഖ്യ നഗരാസൂത്രകന്റെ 15.11.2022 തീയതിയിലെ TCPCTP/2483/2021-A3 നമ്പർ കത്ത്
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 21.03.2025 തീയതിയിലെ LSGD/PD/1291/2023-DEA5 നമ്പർ കത്ത്

**ഉത്തരവ്**

ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിൽ പരാമർശം(1) പ്രകാരം ചീഫ് ടൗൺ പ്ലാനർ-ഹൗസിംഗ് തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി.ഊർമ്മിള രാജ്. യു. 08/10/2021 പൂർവ്വാഹ്നം ജോലിയിൽ പ്രവേശിച്ചെങ്കിലും പ്രസ്തുത നിയമനം സാധൂകരിച്ച് നൽകാൻ ആകില്ലെന്ന് അറിയിച്ചതിനെത്തുടർന്ന് ടിയാൾ ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്ന് പരാമർശം (2) പ്രകാരം 26.10.2021 അപരാഹ്നം വിടുതൽ ചെയ്ത് 27/10/2021 പൂർവ്വാഹ്നം മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് പരാമർശം (3) ഉത്തരവ് പ്രകാരം ടിയാളെ ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിൽ ചീഫ് പ്ലാനർ തസ്തികയിൽ നിയമിച്ച് ഉത്തരവാകുകയും, ടിയാൾ 01/12/2021 പൂർവ്വാഹ്നം പ്രസ്തുത ഓഫീസിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ ശ്രീമതി ഊർമ്മിള രാജ്.യു നിയമനത്തിനായി കാത്തുനിന്ന 08/10/2021 മുതൽ 30/11/2021 വരെയുള്ള

EWB3/201/2024-LSGD

കാലയളവ് ക്രമവത്ക്കരിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (4) പ്രകാരം മുഖ്യ നഗരാസൂത്രകൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ഊർമ്മിള രാജ്.യു. 08/10/2021 മുതൽ 26/10/2021 വരെ ഹൗസിംഗ് കമ്മിഷണറുടെ കാര്യാലയത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്ത കാലയളവ് ഡ്യൂട്ടിയായും, ടിയാളുടെ waiting for posting കാലയളവായ 27.10.2021 മുതൽ 30.11.2021 വരെ, ടി കാലയളവിൽ വകുപ്പിന്റെ കേഡറിൽ ടൗൺ പ്ലാനർ തസ്തികയിൽ ഒഴിവില്ലാത്തതിനാൽ പ്രസ്തുത കാലയളവ് അർഹതപ്പെട്ട അവധിയായും ക്രമവത്കരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

കമ്മീഷണർ , ഹൗസിംഗ് കമ്മീഷണറേറ്റ്,തിരുവനന്തപുരം

ശ്രീമതി.ഊർമ്മിള രാജ്.യു, ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്, (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഐ. & പി.ആർഡി

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi L P
സെക്ഷൻ ഓഫീസർ
Date: 30-04-2025 09:34:22